# അതിരപ്പിള്ളി പദ്ധതി : എ. ഡി. ബി സഹായം നൽകില്ല

**കേരളീയം ന്യൂസ്സർവ്വീസ്**

തൃശ്ശൂർ: യാഥാർത്ഥ്യങ്ങൾ മറച്ചുവെച്ച് അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയുമായി മുന്നോട്ടുപോകാനുള്ള കെ. എസ്. ഇ. ബി നീക്കം പാളുന്നു. നിർദ്ദിഷ്ട അതിരപ്പിള്ളി പദ്ധതിക്ക് ധനസഹായം നൽകാൻ തങ്ങൾ ഉദ്ദേശിക്കുന്നില്ലെന്ന് എ. ഡി. ബി വ്യക്തമാക്കി. പദ്ധതിക്ക് സാമ്പത്തിക സഹായം ആവശ്യപ്പെട്ടുകൊണ്ട് ബോർഡ് എ. ഡി. ബിയെ സമീപിച്ചതായി റിപ്പോർട്ടുണ്ടായിരുന്നു.

പാരിസ്ഥിതിക പ്രശ്നങ്ങളും നദീജല തർക്കങ്ങളും ഉൾപ്പെട്ട പദ്ധതികളെ കൺസൾട്ടിംഗ് ഏജൻസി അവസാനഘട്ടത്തിൽ ഒഴിവാക്കുകയായിരുന്നു. അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിക്കു സഹായം നൽകാനുള്ള പരിഗണനയില്ലെന്നും ഭാവിയിലും അത്തരമൊരു നീക്കത്തിനില്ലെന്നും എ. ഡി. ബിയുടെ റീജണൽ ആന്റ് സബ്റ്റൈയ്നബിൾ-ഡെവലപ്മെന്റ് റിപ്പാർട്ടുമെന്റിന്റെ അധ്യക്ഷൻ റോബർട്ട്. ജെ. ഡോബിയാസ് ചാലക്കുടിപ്പുഴ സംരക്ഷണസമിതിക്കു നൽകിയ വിശദീകരണത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

പുതിയ പദ്ധതികൾക്ക് ധനസഹായം നൽകൽ എ.ഡി.ബി അജണ്ടയിലില്ല എന്നിരിക്കെയാണ് ഈ പദ്ധതിക്ക് സാമ്പത്തികസഹായം തേടാൻ ബോർഡ് ശ്രമിച്ചതെന്ന് നിരീക്ഷകർ ചൂണ്ടിക്കാണിക്കുന്നു. അതിരപ്പിള്ളി പദ്ധതി സ്വകാര്യമേഖലയിലേക്ക് മാറ്റുവാനുള്ള അണിയറനീക്കങ്ങൾ തുടരുന്നതായും സൂചനകളുണ്ട്.